**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2602** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ ഓഡിറ്റിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലവിലെ ഓഡിറ്റിംഗ് സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് നിർവ്വഹിക്കേണ്ട ചുമതല സഹകരണ ഓഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെയും അപ്പെക്സ് സഹകരണ സ്ഥാപനങ്ങളുടെയും സഹകരണ മേഖലയിലുള്ള ബോർഡുകളുടെയും സംസ്ഥാന സഹകരണ യൂണിയൻ, താലൂക്ക്, സർക്കിൾ സഹകരണ യൂണിയനുകളുടെയും ഓഡിറ്റ് നിയമാനുസൃതം സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസങ്ങൾക്കകം പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.<br><br>രണ്ട് തലങ്ങളിലുള്ള സഹകരണ ഓഡിറ്റർമാരാണ് നിലവിലുള്ളത്.<br><br>1. കേരള സർവ്വീസ് റൂൾ, പാർട്ട് 1 റൂൾ 156 പ്രകാരമുള്ള സമകാല ഓഡിറ്റ്.<br><br>2. യൂണിറ്റ് ഓഡിറ്റ്.<br><br>ഭരണസമിതി തീരുമാന പ്രകാരം ആവശ്യപ്പെടുന്ന സംഘങ്ങളിൽ സമകാല ഓഡിറ്റർമാരും മറ്റ് സംഘങ്ങളിൽ യൂണിറ്റ് ഓഡിറ്റർമാരും ആണ് ഓഡിറ്റ് ജോലികൾ നിർവ്വഹിക്കുന്നത്. |
| (ബി) | നിരന്തരം ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ സഹകരണ മേഖലയിലെ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | സഹകരണ മേഖലയിലെ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>ഓഡിറ്റ് കാലാനുസൃതമായി നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ |

(പുന:സംഘടന റിപ്പോർട്ട്) പരിശോധിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിന് സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം/ ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ഓഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/ സീനിയർ ഓഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയ്ക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.

വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഓഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ഓഡിറ്റ് MATRIX–ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കണം.

Entry Meeting, Draft Audit Memo, Audit Para System എന്നിവ നടപ്പിലാക്കി.

വകുപ്പുതല ഓഡിറ്റർമാർ നടത്തുന്ന സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ഓഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാന തലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

| | | | |
|---|---|---|---|
| | | | വരുന്നു.<br><br>അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഓഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണ ഓഡിറ്റ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണവകുപ്പ് ആധുനികവത്കര ണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | നിലവിലെ ഓഡിറ്റിംഗ് സമ്പ്രദായത്തിന് പകരം ടീം ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ; കണക്കുകളുടെ പരിശോധനയ്ക്ക് പുറമേ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ സംവിധാനത്തിലൂടെ സമർപ്പിക്കുന്ന കണക്കുകളുടെ പരിശോധന കൂടി ഓഡിറ്റ് നടപടികളുടെ ഭാഗമാക്കുമോ; വിശദാംശം നൽകുമോ; | (സി) | സഹകരണ മേഖലയിലെ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>ഓഡിറ്റ് കാലാനുസൃതമായി നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ (പുന:സംഘടന റിപ്പോർട്ട്) പരിശോധിച്ചുവരുന്നു.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിന് സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം/ ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ഓഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/ |

സീനിയർ ഓഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയ്ക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.

വസ്തു ഈടുകളുടെ സാമ്പിൾ തെരെഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഓഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ഓഡിറ്റ് MATRIX–ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കണം.

Entry Meeting, Draft Audit Memo, Audit Para System എന്നിവ നടപ്പിലാക്കി.

വകുപ്പുതല ഓഡിറ്റർമാർ നടത്തുന്ന സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ഓഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാന തലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഓഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ ഓഡിറ്റ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു.<br><br>ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണവകുപ്പ് ആധുനികവത്കര ണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് നടത്തുന്ന അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് നടത്തുന്ന അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തീ-കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ